**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2536** **17-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്ഥലം മാറ്റങ്ങൾ നടത്തുന്നത് സുതാര്യമാണെന്ന് ഉറപ്പ് വരുത്തുന്നതിനായി സർക്കാർ നിശ്ചയിച്ച പ്രകാരം മുൻഗണന പട്ടിക പ്രസിദ്ധീകരിച്ച് ക്യൂ സമ്പ്രദായം പാലിക്കുന്ന രീതി കെ.എസ്.എഫ്.ഇ. യിൽ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇല്ലെങ്കിൽ 15-05-2017ൽ കെ.എസ്.എഫ്.ഇ. പുറത്തിറക്കിയ ട്രാൻസ്ഫർ നോംസിലെ വ്യവസ്ഥ 1 (3) പ്രകാരം മുൻഗണന പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചതിന് ശേഷം ആ പട്ടികയിൽ നിന്ന് ക്യൂ സമ്പ്രദായം പാലിച്ച് സ്ഥലം മാറ്റങ്ങൾ നടത്തുന്ന രീതി കെ.എസ്.എഫ്.ഇ. യിൽ അടുത്ത ട്രാൻസ്ഫർ മുതൽ നടപ്പിലാക്കുമോ; വിശദമാക്കാമോ? | (ബി) | ജീവനക്കാരുടെ സംഘടനകളുമായി ചർച്ചകൾ നടത്തി നിലവിലുള്ള ട്രാൻസ്ഫർ നോംസ് പുതുക്കുന്ന നടപടികൾ തുടർന്ന് വരുന്നതിനാലും ഓൺലൈൻ സംവിധാനം പൂർത്തിയാകാത്തതിനാലും മുൻഗണന പട്ടിക പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ